ഗവൺമെന്റ് കോർട്ടേഴ്സുകളിൽ അനധികൃത താമസക്കാരുടെ എണ്ണം

245 (4599) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് കോർട്ടേഴ്സുകളിൽ അനധികൃത താമസക്കാരുടെ എണ്ണം പെരുകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ എത്ര വർഷം സർവ്വീസ് ഉള്ളവർക്കാണ് കോർട്ടേഴ്സ് അനുവദിച്ചിട്ടുള്ളത് ;

(സി) അനധികൃ താമസക്കാരെ ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) ഇതിനകം എത്ര അനധികൃത താമസക്കാരെ ഒഴിപ്പിച്ചിട്ടുണ്ട് എന്നും നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവും എന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജീവനക്കാരുടെ കോർട്ടേഴ്സിനുള്ള അപേക്ഷയുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് കോർട്ടേഴ്സ് അനുവദിക്കുന്നത്. രജിസ്ട്രേഷന്റെ സീനീയോറിറ്റി ക്രമത്തിൽ ഒഴിവു വരുന്ന മുറയ്ക്ക് സംവരണ തത്വം പാലിച്ച് കോർട്ടേഴ്സുകൾ അനുവദിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെടുന്ന അനധികൃത താമസക്കാരെ കോർട്ടേഴ്സ് ഒഴിയുവാൻ നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകുകയും തുടർന്ന് ആവശ്യമെന്ന് കണ്ടാൽ റവന്യു, പൊതുമരാമത്ത് വകുപ്പുകൾ സംയുക്തമായി അന്വേഷണം നടത്തി അനധികൃത താമസക്കാരെ ഒഴിപ്പിക്കാറുമുണ്ട്.

(ഡി) വിവിധ ജില്ലകളിലായി 18 അനധികൃത താമസക്കാരെ ഒഴിപ്പിച്ചിട്ടുണ്ട്. അനധികൃതമാണെന്ന് കണ്ടെത്തിയിട്ടുള്ള താമസക്കാരെ എത്രയും പെട്ടെന്ന് ഒഴിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്.

ഗ്രേഡ് ലഭിക്കുമ്പോഴുള്ള ശമ്പള സ്കെയിൽ തുടർന്നും നൽകാൻ നടപടി

246 (4600) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത്, ജലസേചനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ഓവർസിയർമാർക്ക് ഗ്രേഡ് ലഭിക്കുമ്പോൾ കഴിഞ്ഞ 25 വർഷമായി ലഭിച്ചുകൊണ്ടിരുന്ന അസിസ്റ്റന്റ് എൻജിനീയർ തസ്തികയുടെ ശമ്പള സ്കെയിൽ തുടർന്നും നൽകണമെന്ന ബഹു. ഹൈക്കോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോടതി വിധി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതു സംബന്ധിച്ച എത്ര കേസുകളിൽ വിധിന്യായം ലഭിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള ഹൈക്കോടതി വിധിയിന്മേൽ അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി വിധിയ്ക്കെതിരെ സുപ്രീം കോടതിയിൽ എസ്.എൽപി. (സി) നമ്പർ 17426/10 നമ്പരായി സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിരിക്കുകയാണ്.

(സി) 33 കേസ്സുകളിൽ വിധിന്യായം ലഭിച്ചിട്ടുണ്ട്.

(ഡി) ഒരു കേസ്സിൽ സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തു കഴിഞ്ഞു. സമാനമായ മറ്റു കേസ്സുകളിൽ അപ്പീൽ നൽകണമോ എന്ന കാര്യം പരിശോധിച്ചു വരികയാണ്. ഇക്കാര്യം ശമ്പള പരിഷ്കരണ കമ്മീഷൻ പരിശോധിക്കുന്നതുമാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നിയമനം

247 (4601) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ സാങ്ഷൻഡ് പോസ്റ്റുകൾ എത്രയുണ്ട് ;

(ബി) ഇതിൽ ഡിഗ്രി/ഡിപ്ലോമ കാറ്റഗറി തിരിച്ച് എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ ഇവയിൽ ഓരോന്നിലും എത്ര ഒഴിവുകൾ വീതമുണ്ട് ;

(ഡി) നിലവിൽ ഡിപ്ലോമ കാറ്റഗറിയിലുള്ളവരുടെ പ്രൊമോഷൻ ലിസ്റ്റ് ഉണ്ടോ ; എങ്കിൽ ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടികൾ കാലതാമസം കൂടാതെ നടപ്പിലാക്കുമോ ?

ഉത്തരം

(എ) 289

(ബി) ഡിഗ്രി - 217

ഡിപ്ലോമ - 72

(സി) ഡിപ്ലോമ കാറ്റഗറിയിൽ 5 ഒഴിവുകൾ. ഡിഗ്രി കാറ്റഗറിയിൽ ഒഴിവുകളില്ല.

(ഡി) ഉണ്ട്. ഡിപ്ലോമ കാറ്റഗറിയിൽ 5 ഒഴിവുകൾ ഉണ്ടെങ്കിലും സീനിയർ ആയ ഡിഗ്രിക്കാരനെ മറികടന്ന് ഡിപ്ലോമാക്കാരന് പ്രൊമോഷൻ നൽകുവാൻ പാടില്ലെന്ന വ്യവസ്ഥ നിലവിലുള്ളതിനാൽ സീനിയറായ 2 ഡിഗ്രിക്കാരെയും ഡിപ്ലോമ കാറ്റഗറിയിൽ 3 പേരെയും സ്ഥാനക്കയറ്റം നൽകി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly